# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.4962

23.03.2018-ൽ മറുപടിയ്ക്ക്

**നെയ്യാറ്റിൻകര ടൗൺ എൽ.പി.സ്കൂളിൽ ആർട്ട് ഗ്യാലറി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ആൻസലൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര ടൗൺ എൽ.പി.സ്കൂളിൽ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ പേരിൽ ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് വേണ്ടി 2017 ആഗസ്റ്റിൽ എം.എൽ.എ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) നെയ്യാറ്റിൻകര ടൗൺ എൽ.പി.സ്കൂളിൽ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ പേരിൽ ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിനുള്ള കെട്ടിട സൗകര്യം നെയ്യാറ്റിൻകര ടൗൺ എൽ.പി.സ്കൂളിൽ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. 1350 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിട ഭാഗം കേരള ലളിതകല അക്കാദമിയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് ഗ്യാലറിയായി പരിവർത്തനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത ആർട്ട് ഗ്യാലറിയുടെ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) ആർട്ട് ഗ്യാലറിയുടെ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ലളിതകലാ അക്കാദമിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) 2017-18 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ആർട്ട് ഗ്യാലറി സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുമോ? | (സി) 2017-18 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ആർട്ട് ഗ്യാലറി സ്ഥാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ